മലങ്കര
നസ്രാണി
മലങ്കര നസ്രാണികളുടെ വാർത്താപത്രിക

"ദൈവം നന്മയാണ്. അവൻ മാത്രമാണു യഥാർത്ഥമായും പൂർണമായും നന്മ. തിന്മയുടെ സങ്കലനം കൂടാതെ നന്മയാണവൻ. അവനിൽ സകല തിന്മയും അന്തർദ്ധാനം ചെയ്യുന്നു. അവനിൽ തിന്മയ്ക്കു യാതൊരു സ്ഥാനവുമില്ല - പ്രകാശത്തിൽ ഇരുട്ടിനു യാതൊരു സ്ഥാനവുമില്ലാത്തതുപോലെതന്നെ...... ഏതെങ്കിലും വ്യക്തിത്വം നന്മയെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്യുമ്പോൾ സ്വന്തം ഉണ്മയെത്തന്നെ നിഷേധിക്കലാണ് അത്. കാരണം, സൃഷ്ടിക്കപ്പെട്ട യഥാർത്ഥ വ്യക്തി, അതിന്റെ സ്രഷ്ടാവിനെപ്പോലെ, നന്മയാണ്."

**– പൗലോസ് മാർ ഗ്രിഗോറിയോസ്**

പുസ്തകം 1 | ലക്കം 9 | 2005 നവംബർ 1–15 | പേജ് 8

# മാർത്തോമ്മാ സിംഹാസനത്തിൽ പുതിയ ഇടയൻ: പ്രതീക്ഷകളേറെ...

## പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനമേറ്റു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഏഴാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനമേറ്റു. 2005 ഒക്ടോബർ 31-ാം തീയതി തിങ്കളാഴ്ച പരുമല പള്ളിയിൽ നടന്ന ഭക്തിനിർഭരമായ ശുശ്രൂഷകൾക്ക് സീനിയർ മെത്രാപ്പോലീത്ത ഡോ. തോമസ് മാർ മക്കാറിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു.

തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത ബാലനായിരിക്കുമ്പോൾ ത ന്നെ സഭാസേവനത്തിന് വിളിച്ചത് തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായാണ്. പത്തനാപുരം താ ബോർ ദയറായിലെ സന്യാസ ജീവിതവും പഠനവും ഉന്നതബിരുദങ്ങൾ നേടിയ ഉത്തമനായ ഒരു വൈദികശ്രേഷ്ഠ നെ വളർത്തിയെടുക്കാൻ സഹായിച്ചു. തിരുവല്ല നെടുംമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര



തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും പുത്രനായി 1921 ഒക്ടോബർ 29-ാം തീയതി ജനിച്ച കാതോലിക്കാബാവാ എം. എ, ബി. റ്റി. ബിരുദങ്ങൾ നേടി പ ത്ത നാ പു രം ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, കോളജ് പ്രൊഫസർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് ശെമ്മാശാപ്പട്ടവും വൈദികപട്ടവും ഏറ്റ അദ്ദേഹം 1965 ൽ മെയ് 16ന് പരിശുദ്ധ ഔഗേൻ ബാവയിൽനിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. അതേവർഷം ഡിസംബർ 28ന് കോട്ടയത്ത് ചേർന്ന മലങ്കര അസോസിയേഷൻ അദ്ദേഹത്തെ മേൽപട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. കാലംചെയ്ത യൂഹാനോൻ മാർ സേവേറിയോസ്, ഫീലിപ്പോ സ് മാർ തെയോഫിലോസ് എന്നിവരോടൊപ്പം 1966 ഓഗ സ്റ്റ് 24 ന് തോമസ് മാർ തീമോത്തിയോസ് എന്ന പേരിൽ മെ ത്രാപ്പോലീത്തായായി വാഴിച്ചു. മലബാർ ഭദ്രാസനത്തിന്റെ ചുമതല 1968 ൽ ഏറ്റെടുത്ത അദ്ദേഹം ബഹുമുഖ സേവനപ്രവർത്തനങ്ങൾക്കിടയിൽ ഭദ്രാസനത്തിൽ കൂടുതൽ പള്ളികളും ആശ്രമങ്ങളും മറ്റും സ്ഥാപിച്ച് കുടിയേറ്റക്കാ



**പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ**



രുടെ ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിച്ചു. 1992 സെപ്റ്റംബർ 10 ന് പരുമലയിൽ ചേർന്ന മലങ്കര അസോസിയേഷൻ തോമസ് മാർ തീമോത്തിയോസിനെ പൗരസ്ത്യ കാതോലിക്കായുടെ മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. ശാന്തശീലനായ ഈ താപസശ്രേഷ്ഠൻ സഭയെ സമാധാനത്തിലും ഐക്യത്തിലും വഴി നടത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# സ്ഥാനത്യാഗം ചെയ്യുന്ന മൂന്നാമത്തെ കാതോലിക്കാ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ഒന്നരപതിറ്റാണ്ടു കാലം നേതൃത്വം നൽകിയ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാനത്യാഗം ചെയ്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ ബാവാ സ്ഥാനത്യാഗം ചെയ്യുന്ന മൂന്നാം പൗരസ്ത്യ കാതോലിക്കയാണ്. പരിശുദ്ധ ബസേലിയോസ് ഔഗേൻ ബാവാ, പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ എന്നിവരാണ് ഇതിനുമുമ്പ് സ്ഥാനത്യാഗം ചെയ്തവർ.



പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ

1980 മെയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ കൊ ല്ലം ഇടവകയുടെ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായെ മലങ്കര മെത്രാപ്പോലീത്തായുടെയും, കാതോലിക്കായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു.

1991 ഏപ്രി ൽ 29-ാം തീയതി പരുമലയിൽ വച്ച് പരിശുദ്ധ സുന്നഹദോസ് അദ്ദേഹത്തെ ബ സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി.